
മികവിനൊപ്പം ഓരോ കുട്ടിയും

# മികവിലേക്ക്

ഗവ യു പി സ്കൂൾ നെടിയേങ്ങ

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26



## ഉള്ളടക്കം

1 ആമുഖം

2 ചരിത്രം

3 അടിസ്ഥാന വിവരങ്ങൾ

4 പ്രതീക്ഷിത നേട്ടങ്ങൾ

5 അക്കാദമിക നിലവാരം

6 ലക്ഷ്യങ്ങൾ

7 2025-26 അധ്യയനവർഷം ഏറ്റെടുക്കുന്ന അക്കാദമിക പ്രവർത്തനങ്ങൾ

8. പ്രവർത്തന വിശകലനം

# ആമുഖം

വിദ്യാലയത്തെ മികവിന്റെ കേന്ദ്രമായി മാറ്റാനുള്ള ശ്രമങ്ങൾ നടന്നു വരികയാണ്.അക്കാദമിക മികവാണ് വിദ്യാലയ മികവ് എന്ന യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ട് മികവാർന്ന ഒരു വിദ്യാലയം രൂപപ്പെടുത്താൻ ഉതകുന്ന അക്കാദമിക പ്രവർത്തനങ്ങളാണ് ഈ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇവ 2025-26 അക്കാദമിക വർഷത്തിൽ ആരംഭിച്ച് നാലു വർഷം കൊണ്ട് പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്.

# ചരിത്രം

കണ്ണൂർ ജില്ലയിലെ ഇരിക്കൂർ ഉപജില്ലയിൽപ്പെടുന്ന ഏറെ പഴക്കമുള്ള വിദ്യാലയമാണ് നിടിയേങ്ങ ഗവ. യു പി സ്കൂൾ. 1924 ൽ മലബാർ ഡിസ്ട്രിക്ട് ബോർഡിനു കീഴിൽ ഏകാധ്യാപക വിദ്യാലയമായി തുടക്കം കുറിച്ച ഈ വിദ്യാലയം 1958-59 വർഷത്തോടെ ഒരു സമ്പൂർണ്ണ അപ്പർ പ്രൈമറി വിദ്യാലയമായി മാറി.നിടിയേങ്ങ വില്ലേജിൽപ്പെടുന്ന വിദ്യാലയം ശ്രീകണ്ഠപുരംമുനിസിപ്പാലിറ്റിയിലെ 28-ാം വാർഡിലാണ് സ്ഥിതിചെയ്യുന്നത് . ക്ലസ്റ്റർ റിസോഴ്സ് സെന്ററായും പ്രവർത്തിച്ചു വരുന്നു.

കണ്ണൂർ ജില്ലയിലെ മോഡൽ വിദ്യാലയമെന്ന നിലയിൽ പ്രവർത്തന പാരമ്പര്യമുള്ള വിദ്യാലയമാണിത്. നിടിയേങ്ങ സ്വാമിമഠ ത്തിനു സമീപമുള്ള കെട്ടിടത്തിലായിരുന്നു ആദ്യകാലത്ത് പ്രവർത്തിച്ചിരുന്നത്.പിന്നീട് ഇന്ന് കാണുന്ന സ്ഥലത്ത് പ്രൈമറി വിദ്യാലയമായി പ്രവർത്തനം തുടർന്നു.കണ്ണൂർ ജില്ലയിലെ മാതൃകാ വിദ്യാലയം എന്ന നിലയിൽ പ്രവർത്തന പാരമ്പര്യമുള്ള വിദ്യാലയമാണിത്.

## അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : ഗവ.യു പി സ്കൂൾ നിടിയേങ്ങ |
| സ്കൂൾ കോഡ് | : 13445 |
| ഉപജില്ല | : ഇരിക്കൂർ |
| വിദ്യാഭ്യാസ ജില്ല | : തളിപ്പറമ്പ് |
| ജില്ല | : കണ്ണൂർ |
| വില്ലേജ് | : നിടിയേങ്ങ |
| പോസ്റ്റോഫീസ് | : നിടിയേങ്ങ |
| ഫോൺ നമ്പർ | : 8921435854 |
| ഇ-മെയിൽ | : gupschoolnediyanga@gmail.com |
| നഗരസഭ | : ശ്രീകണ്ഠപുരം |
| സ്ഥാപിതം | : 1924 |
| നിലവിലുള്ള ക്ലാസ്സുകൾ | : 1 മുതൽ 7 വരെ |
| യു പി ആയി അപ്ഗ്രേഡ് ചെയ്തത് | : 1958-59 |
| സ്ഥലവിസ്തീർണ്ണം | : 3 ഏക്കർ |

**2025-26 അക്കാദമിക് വർഷത്തിൽ വിദ്യാലയത്തിലെ വിവിധ ക്ലാസ്സുകളിലെ കുട്ടികളുടെ എണ്ണം**

| വിഭാഗം | 1 | | 2 | | 3 | | 4 | | 5 | | 6 | | 7 | | ആകെ | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | B | G | B | G | B | G | B | G | B | G | B | G | B | G | B | G |
| കുട്ടികളുടെ എണ്ണം | | | | | | | | | | | | | | | | |
| ആകെ | | | | | | | | | | | | | | | | |

## നിലവിലുള്ള അധ്യാപക തസ്തികകൾ

| | | |
|---|---|---|
| 1 | ഹെഡ്മാസ്റ്റർ | -1 |
| 2 | പ്രൈമറി അധ്യാപകർ | - 4 |
| 3. | എൽ പി അറബിക് ടീച്ചർ | - 1 |
| 4 | യു പി ഹിന്ദി ടീച്ചർ | - 1 |
| 5. | യു പി സംസ്കൃതം ടീച്ചർ | - 1 |

**സയൻസ് ലാബ് :** പ്രത്യേക മുറി ഉണ്ട്.

**ലൈബ്രറി :** ക്ലാസ്സ് ലൈബ്രറി സജ്ജീകരിച്ചു വരുന്നു.ലൈബ്രറി മുറിയും ഉപകരണങ്ങളും ഒരുക്കേണ്ടതുണ്ട്.

**കമ്പ്യൂട്ടർ ലാബ്** - കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി കമ്പ്യൂട്ടർ ഇല്ല

**ഹൈടെക് ക്ലാസ്സ് റൂം** -ഉണ്ട്

## പ്രവർത്തന വിശകലനം

| | പ്രവർത്തനം | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രക്രിയ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|---|
| 4 | ഇനിയും മുന്നോട്ട് | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ ,മികച്ച വായന | എൽ പി തലം യു പി വിഭാഗം അക്ഷര പിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികൾ | | ജൂൺ മുതൽ മാർച്ച് വരെ | എസ് ആർ ജി | 1000 |
| | | രചന ആലാപനം തുടങ്ങിയ മേഖലകളിലെ കഴിവുകൾ കണ്ടെത്തുക | യു പി തലം | ക്ലാസ്സ് തല പ്രവർത്തനങ്ങൾ | അക്കാദമിക വർഷം | | 1000 |
| 2 | വായിച്ചു വിളയാം | വായനാവസന്തം-എഴുത്തും വായനയും മെച്ചപ്പെടുത്തുക.കൈയക്ഷരം മെച്ചപ്പെടുത്തുക | എൽ പി യു പി തലം | ആഴ്ചയിൽ ഒരു പുസ്തകം ഒരാസ്വാദനക്കുറിപ്പ് | അക്കാദമിക വർഷം | എസ് ആർ ജി,ക്ലാസ്സ് അധ്യാപകർ | പി ടി എ |
| 3 | കുട്ടെഴുത്തും ,കുഞ്ഞു വായനയും | വ്യത്യസ്തമായ സർഗ്ഗാത്മക കഴിവുകൾ പ്രകടിപ്പിക്കൽ | ഒന്ന്,രണ്ട് ക്ലാസ്സുകൾ | മഴ ചിത്രം വരക്കൽ,മഴ പാട്ടുകൾ പാടൽ,മഴയനുഭവങ്ങൾ പങ്കിടൽ, തോണി നിർമ്മാണം | ജൂലൈ മുതൽ ആഗസ്ത് വരെ | ക്ലാസ്സ് അധ്യാപകർ | 1000 |

| ക്രമ | പ്രവർത്തനം | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രക്രിയ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|---|
| | ഞങ്ങളും കൂടെയുണ്ട് | ക്ലാസ്സ് പി ടി എ,കോർണർ പി ടി എ ശക്തിപ്പെടുത്തൽ | എല്ലാ ക്ലാസ്സുകൾക്കും | എല്ലാ മാസവും ആദ്യത്തെ ആഴ്ച ക്ലാസ് പി ടി എ ,പഠനനേട്ടം,പ്രവർത്തനങ്ങൾ- രക്ഷിതാക്കൾക്കു നൽകൽ പഠനനേട്ടം - കുട്ടി എവിടെ? നേരിട്ടു ബോധ്യപ്പെടുത്തൽ,മാസത്തിൽ ഒരിക്കൽ അതാത് പ്രദേശങ്ങളിൽ കോർണർ പി ടി എ കൾ സംഘടിപ്പിക്കൽ | ജൂൺ മുതൽ മാർച്ച് | എസ് ആർ ജി , പി ടി എ | 3000 |
| | ചങ്ങായിക്കൂട്ട് | പഠിതാക്കളുടെ സാമൂഹിക സാമ്പത്തിക ജീവിത സാഹചര്യങ്ങൾ നേരിട്ട് കണ്ട് ബോധ്യപ്പെടുന്നതിനും , ആവശ്യമായ പിന്തുണ നൽകുകയും ചെയ്യുക | 5,6,7 ക്ലാസുകൾ | യു പി തലത്തിലെ ഓരോ ക്ലാസ്സിലെ കുട്ടികളും തങ്ങളുടെ ക്ലാസ്സിലെ മറ്റു സഹപാഠികളുടെ വീടുകൾ സന്ദർശിച്ച് അവരുടെ ജീവിത സാഹചര്യങ്ങൾ മനസ്സിലാക്കുന്നതിലൂടെ സാമൂഹീകരണപ്രക്രിയയുടെ ഭാഗമാകുന്നു | ജൂൺ മുതൽ മാർച്ച് | എസ് ആർ ജി , പി ടി എ | 3000 |
| | മൊഴിമുത്തുകൾ | ലേഖനപ്രവർത്തനങ്ങളിലൂടെ ഭാഷയും സാഹിത്യവും നർമബോധവും വളർത്തുകയും ,ആലങ്കാരിക പ്രയോഗങ്ങൾ ലിഖിത ഭാഷയിൽ ഉപയോഗിക്കുകയും ചെയ്യുക | 5,6,7 ക്ലാസുകൾ | വിദ്യാലയത്തിൽ നടക്കുന്ന നൂതനവും ,വൈവിധ്യമാർന്നതുമായ പാഠ്യ-പാഠ്യേതരപ്രവർത്തനങ്ങളും,മറ്റ് രസകരമായ സ്കൂൾ അനുഭവങ്ങളും ഉൾക്കൊള്ളിച്ച് മാസത്തിൽ രണ്ട് പത്രങ്ങൾ പ്രസിദ്ധീകരിക്കുന്നു.കുട്ടികളുടെ സർഗവാസനകൾ (കഥ,കവിത,ചിത്രം കാർട്ടൂൺ എന്നിവ) ഇതിൽ ഉൾക്കൊള്ളിക്കാനും അവസരം നൽകും | ജൂൺ മുതൽ മാർച്ച് വരെ | കുട്ടികൾ, എസ് ആർ ജി , | 10000 |

| ക്രമ | പ്രവർത്തനം | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രക്രിയ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|---|
| | കൂട്ടെഴുത്തും ,കുഞ്ഞു വായനയും | വായന | ഒന്ന്,രണ്ട് ക്ലാസ്സുകൾ | ലഘുവാക്യങ്ങൾ എഴുതിയ ചിത്രകാർഡുകൾ പ്രദർപ്പിക്കുന്നു., വായനാ കാർഡുകൾ നൽകുന്നു | ജനുവരി മുതൽ ഫെബ്രുവരി വരെ | ക്ലാസ്സ് അധ്യാപകർ, | |
| 4 | പരീക്ഷണങ്ങളുടെ കൗതുക ലോകം | കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുക.വിവിധങ്ങളായ ശാസ്ത്രപരീക്ഷണങ്ങൾ ചെയ്യുക | 5,6,7, ക്ലാസ്സിലെ കുട്ടികൾ | ഫീൽഡ് ട്രിപ്പ് , പരീക്ഷണകളരി,വിദഗ്ദ്ധരെ ഉപയോഗിച്ച് ഉപകരണ നിർമ്മാണം,- ലാബ് നവീകരണം, പ്രഗൽഭരെ പങ്കെടുപ്പിച്ചുകൊണ്ട് ശാസ്ത്രശില്പശാല | 2 ദിവസം | സയൻസ് അധ്യാപകർ, | 5000 |
| | കാഴ്ചക്കപ്പുറം | കുട്ടികളിൽ ആകാശഗോളങ്ങളെയും നക്ഷത്രങ്ങളെയും കുറിച്ചുള്ളസാമാന്യഅറിവ് വളർത്തുക | 5,6,7, ക്ലാസ്സിലെ കുട്ടികൾ | വാനനിരീക്ഷണം - ടെലസ്കോപ്പ് ഉപയോഗപ്പെടുത്തി വിദഗ്ധരുടെ സഹായത്തോടെ നക്ഷത്രനിരീക്ഷണവും ആകാശനിരീക്ഷണവും നടത്തൽ | 2 ദിവസം | സോഷ്യൽ സയൻസ് ക്ലബ്ബ് | 1000 |

| ക്രമ | പ്രവർത്തനം | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രക്രിയ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|---|
| | | കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുക.വിവിധങ്ങളായ ശാസ്ത്രപരീക്ഷണങ്ങൾ ചെയ്യുക | 5,6,7, ക്ലാസ്സിലെ കുട്ടികൾ | ഫീൽഡ് ട്രിപ്പ് , പരീക്ഷണ കളരി,വിദഗ്ദ്ധരെ ഉപയോഗിച്ച് ഉപകരണ നിർമ്മാണം,- ലാബ് നവീകരണം, പ്രഗൽഭരെ പങ്കെടുപ്പിച്ചുകൊണ്ട് ശാസ്ത്രശില്പശാല | 2 ദിവസം | സയൻസ് അധ്യാപകർ, | 3000 |
| | ഹണി ഇംഗ്ലീഷ്, ഫണി ഇംഗ്ലീഷ് | ഒഴുക്കോടെയും ശരിയായ ഉച്ചാരണത്തോടെയും ഇംഗ്ലീഷ് സംസാരം കേട്ടു മനസ്സിലാക്കാനുള്ള കഴിവ്-ഇംഗ്ലീഷ് ഭാഷാശേഷി വികസനം -വിദ്യാലയത്തിൽ നിന്നും പുരത്തു പോകുന്ന വിദ്യാർത്ഥികൾക്ക് അനായാസമായി സംസാരിക്കാനും വായിക്കാനും എഴുതാനുമുള്ള കഴിവ് | 5,6,7, ക്ലാസ്സിലെ കുട്ടികൾ | സ്പോക്കൺ ഇംഗ്ലീഷ് കമ്മ്യൂണിക്കേറ്റീവ് ഭാഷാ പരിശീലനം- പുറത്തുള്ള ഏജൻസികളുടെ സേവനം ഉറപ്പാക്കുക,ചിട്ടയായും സമയബന്ധിതമായും പ്രവർത്തനോന്മുഖമായും നടപ്പാക്കൽ - പ്രത്യേകം അധ്യാപിക -സ്പോക്കൺ ഇംഗ്ലീഷ് പരിശീലനം,വിദഗ്ധർ ,ക്യാമ്പുകൾ ,ഇംഗ്ലീഷ് തിയേറ്റർ ഒരുക്കൽ ഇംഗ്ലീഷ് വാർത്ത കേൾപ്പിൽ,സ്കൂൾ അസംബ്ലി,ˇ കേരളത്തിന് പുറത്തുള്ള വ്യക്തികളുമായി ഇംഗ്ലീ,ഷ് ഭാഷയിൽ ആശയവിനിമയം നടത്തൽ | ജൂൺ മുതൽ മാർച്ച് | ഇംഗ്ലീഷ് അധ്യാപകർ,പൂർവ്വ വിദ്യാർത്ഥികൾ,പി ടി എ | 25000 പി ടി എ |

# പ്രതീക്ഷിത നേട്ടങ്ങൾ

1 എല്ലാ കുട്ടികൾക്കും മാതൃഭാഷ എഴുതാനും വായിക്കാനും ഉള്ള കഴിവ്

2 ശിശുസൗഹൃദ പഠനാന്തരീക്ഷം സൃഷ്ടിക്കുക

3 സമൂഹവുമായി നല്ല ബന്ധം ഉറപ്പാക്കുക

4 വിദ്യാലയത്തെ മികവിന്റെ കേന്ദ്രമായി സമൂഹം അംഗീകരിക്കുക

5 ഏഴാം ക്ലാസ്സ് കഴിയുന്നതോടെ ലക്ഷ്യമിടുന്ന അക്കാദമിക നിലവാരം ഉറപ്പാക്കുക

6 ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ കുട്ടികൾക്ക് പഠനത്തോട് താല്പര്യം വളർത്തുക

7. ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യുകയും ശാസ്ത്രാശയങ്ങൾ വിശദീകരിക്കുകയും ചെയ്യാനുള്ളകഴിവ് വളർത്തുക

8. ക്ലാസ്സ് പി ടി എ,കോർണർ പി ടി എ തുടങ്ങിയ രക്ഷാകർത്തൃ ഇടപെടലിലൂടെ കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുക

9. ആർജിച്ച ഗണിതാശയങ്ങൾ വിശദീകരിക്കുകയും അതിനാവശ്യമായ പഠനോപകരണങ്ങൾ നിർമ്മിക്കുകയും ചെയ്യുക

## അക്കാദമിക നിലവാരം

- ഓരോ ക്ലാസ്സിലും കുട്ടികൾ നേടേണ്ട വിവിധ പഠനനേട്ടങ്ങൾ ഏതാണ്ട് എല്ലാ കുട്ടികൾക്കും നേടാൻ സാധിച്ചിട്ടുണ്ട് എങ്കിലും മലയാളം,ഇംഗ്ലീഷ്,ഹിന്ദി എന്നീ ഭാഷകളിലെഎഴുത്ത് ,വായനതുടങ്ങിയ വ്യവഹാര പ്രവർത്തനങ്ങളിലും ഗണിതത്തിൽ ചതുഷ്ക്രിയകൾ കൈകാര്യം ചെയ്യുന്നതിലും ചില കുട്ടികൾ ഇനിയും കൂടുതൽ മെച്ചപ്പെടേണ്ടതായിട്ടുണ്ട്..ചിട്ടയായതും വൈവിധ്യമാർന്നതുമായ പ്രവർത്തനങ്ങളിലൂടെയും പരിശീലനങ്ങളിലൂടെയും ഇത്തരം പിന്നോക്കാവസ്ഥ മാറ്റി എടുക്കാവുന്നതാണ്.

## ലക്ഷ്യങ്ങൾ

1 നാലാം ക്ലാസ്സ് കഴിയുന്നതോടെ മുഴുവൻ കുട്ടികൾക്കും മലയാളം ഏഴുതാനും വായിക്കാനുമുള്ള ശേഷി നേടുക

2 ഏഴാം ക്ലാസ്സ് കഴിയുന്നതോടെ ഇംഗ്ലീഷ്വായിക്കാനും സംസാരിക്കാനുമുള്ള ശേഷി നേടുക

3 ഏഴാം ക്ലാസ്സ് കഴിയുന്നതോടെ മുഴുവൻ കുട്ടികൾക്കും ഗണിതത്തിൽ ചതുഷ്ക്രിയകൾ ഉറപ്പിക്കുക

4 പിന്നോക്കക്കാർക്ക് പ്രത്യേക പരിഗണന നൽകി ഉയർത്തുക

5 പ്രതിഭകളായ കുട്ടികൾക്ക് കൂടുതൽ പരിശീലനങ്ങൾ നൽകുക

6 രക്ഷിതാക്കളും സമൂഹവും ആഗ്രഹിക്കുന്ന തരത്തിൽ അക്കാദമിക നിലവാരം ഉയർത്തുക

7 നല്ല വായന നല്ല ഏഴുത്ത് നല്ല നോട്ടു പുസ്തകം നല്ല പെരുമാറ്റം അതിലൂടെ നല്ല കുട്ടി നല്ല വിദ്യാലയം എന്ന നിലയിലെത്തുക

8 കലാകായിക ശേഷികൾ വർദ്ധിപ്പിക്കുക

9 വിദ്യാലയപ്രവർത്തനങ്ങൾക്ക് ശക്തി പകരും വിധം പിടിഎ ശക്തിപ്പെടുത്തുക

10 വിദ്യാലയത്തിന്റെ സ്വീകാര്യത ഉറപ്പാക്കും വിധം വിദ്യാലയത്തെ മികവിന്റെ കേന്ദ്രമായി മാറ്റുക

11. യുക്തിചിന്തയും ശാസ്ത്രാവബോധവും വളർത്തുക

12. ഗണിതാഭിരുചി വർദ്ധിപ്പിക്കുക

13. സഹപാഠികളുടെ സാമൂഹിക- സാമ്പത്തിക ജീവിത പശ്ചാത്തലങ്ങൾ തിരിച്ചറിയുക